# അദ്ധ്യായം I
# അവതാരിക

# അദ്ധ്യായം I
# അവതാരിക

ജലം ജീവന് അത്യന്താപേക്ഷിതമാണ്. വീടുകളിലേക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്നത് ആരോഗ്യപരമായ പരിരക്ഷയ്ക്കും മൊത്തത്തിലുള്ള ക്ഷേമത്തിനും നിർണ്ണായകമാണ്. 2019 ഓഗസ്റ്റ് 15-ന് ആരംഭിച്ച ജല ജീവൻ മിഷൻ (ജെജെഎം), 2024 ഓടെ രാജ്യത്തെ എല്ലാ ഗ്രാമീണ കുടുംബത്തിനും വ്യക്തിഗത പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) വഴി സുരക്ഷിതവും സുലഭവുമായ കുടിവെള്ളം എത്തിക്കുവാൻ ലക്ഷ്യം വെക്കുകയുണ്ടായി.

തുല്യമായ ജല ലഭ്യത, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക്, ഉറപ്പാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഗാർഹിക ടാപ്പ് കണക്ഷൻ വിതരണത്തിലൂടെ ഒരു വ്യക്തിയ്ക്ക് പ്രതിദിനം 55 ലിറ്റർ സുരക്ഷിതവും ആശ്രയിക്കാവുന്നതുമായ കുടിവെള്ളം നൽകുക എന്നതാണ് ജെജെഎം ലക്ഷ്യമിടുന്നത്. ജല ഗുണനിലവാര പ്രശ്ന ബാധിത പ്രദേശങ്ങളിൽ എഫ്എച്ച്ടിസികൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുക, ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, നിർമ്മാണം, ജല ഗുണനിലവാര ക്രമീകരണം, ജല സംസ്കരണം, പ്രവർത്തനവും പരിപാലനവും തുടങ്ങിയ മേഖലകളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മനുഷ്യവിഭവശേഷി ശാക്തീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നിവയായിരുന്നു ജെജെഎമ്മിന്റെ സമഗ്രമായ ലക്ഷ്യങ്ങൾ.


ഗ്രാമീണ ജലവിതരണ ടാപ്പുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും സുരക്ഷിതമായ കുടിവെള്ള സ്രോതസ്സുകളുടെയും വികസനം, നിലവിലുള്ള ജലസ്രോതസ്സുകളുടെ പുഷ്ടീകരണം, വൻതോതിലുള്ള ജലവിതരണം, ശുദ്ധീകരണ പ്ലാന്റുകൾ, വിതരണ ശൃംഖല, ജല ഗുണനിലവാരത്തെ ബാധിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാങ്കേതികമായ ഇടപെടലുകൾ, പൂർത്തിയായതും നിലവിലുള്ളതുമായ പദ്ധതികളുടെ നവീകരണം, മലിനജല സംസ്കരണം, പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ ജെജെഎമ്മിന്റെ കീഴിൽ ആരംഭിക്കേണ്ടതായിരുന്നു.

2019-20 മുതൽ 2023-24 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ പരിപാടി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിരുന്നു, ഇത് പിന്നീട് 2025 മാർച്ച് വരെ നീട്ടുകയുണ്ടായി.

## 1.1 സംസ്ഥാനത്തെ ജെജെഎമ്മിന്റെ ഘടനാ രൂപം

സംസ്ഥാനത്ത് ജെജെഎം നടപ്പിലാക്കുന്നതിനുള്ള ഘടനാ രൂപം **ചാർട്ട് 1.1-ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 1.1: കേരളത്തിലെ ജെജെഎമ്മിന്റെ ഘടനാ രൂപം**




*(ഉറവിടം: കേരള വാട്ടർ അതോറിറ്റി നൽകിയ വിവരങ്ങൾ)*

## 1.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് (പിഎ) നടപ്പിലാക്കിയത്:

i. ജെജെഎമ്മിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി കാര്യക്ഷമമായ ആസൂത്രണവും സ്ഥാപനപരമായ ചട്ടക്കൂടും നിലവിലുണ്ടായിരുന്നോ;

ii. സാമ്പത്തിക സ്രോതസ്സുകളെ മിതമായും കാര്യക്ഷമമായും വിനിയോഗിച്ചിരുന്നോ;

iii. പദ്ധതിയുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും വേണ്ടി പര്യാപ്തവും ഫലപ്രദവുമായ സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നോ.

## 1.3 ഓഡിറ്റ് മാനദണ്ഡം

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്:

i. ജെജെഎം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ.

ii. ഗ്രാമീണ ഗൃഹങ്ങളിൽ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിനും പഞ്ചായത്തുതല കുടിവെള്ള ശുചിത്വ കമ്മിറ്റികൾക്കുമുള്ള മാർഗ്ഗദർശിക.

iii. ജലശക്തി മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ജല ജീവൻ മിഷൻ, കുടിവെള്ള ശുചിത്വ വകുപ്പ് പുറത്തിറക്കിയ കുടിവെള്ള ഗുണനിലവാര പരിശോധനയുടെയും അവലോകന സംവിധാനത്തിന്റെയും ചട്ടക്കൂട്.

iv. എസ്ഡിജിയിൽ പ്രതിപാദിച്ചിരിക്കുന്ന കടമകളും വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീനു (വാഷ്) വേണ്ടിയുള്ള വ്യവസ്ഥാപിത പ്രവർത്തന നടപടിക്രമവും.

v. ജനറൽ ഫിനാൻഷ്യൽ റൂൾസ്, 2017.

vi. 2012-ലെ കെപിഡബ്ല്യുഡി മാന്വലും, 2013-ലെ സ്റ്റോർസ് പർച്ചേസ് മാന്വലും.

vii. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് നയം.

## 1.4 ഓഡിറ്റിന്റെ വ്യാപ്തി, സാംപ്ലിംഗ്, രീതിശാസ്ത്രം

**2019-20** മുതൽ **2023-24** വരെയുള്ള ജെജെഎം പദ്ധതിയുടെ നടത്തിപ്പിലാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചത്. **2024** ജൂലൈ മുതൽ **2025** ഫെബ്രുവരി വരെയായിരുന്നു ഓഡിറ്റ് നടത്തിയത്. ഐഡിയ[1] ഉപയോഗിച്ച് സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗിലൂടെ, മൂന്ന് ജില്ലകൾ തെരഞ്ഞെടുത്തു. **അനുബന്ധം 1.1**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, തെരഞ്ഞെടുത്ത ഓരോ ജില്ലയിൽ നിന്നും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും (ബിപി) തെരഞ്ഞെടുത്ത ഓരോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രണ്ട് മുതൽ നാല് വരെ ഗ്രാമപഞ്ചായത്തുകളും (ജിപി) റാൻഡമായി തെരഞ്ഞെടുത്തു.

കേരള സർക്കാരിന്റെ (ജിഓകെ) ജലവിഭവ വകുപ്പിലെയും (ഡബ്ല്യുആർഡി) മൂന്ന് മുഖ്യ നിർവ്വഹണ ഏജൻസികളിലെയും[2] പ്രസക്തമായ രേഖകളുടെ അവലോകനം ഉൾപ്പെടുന്നതാണ് ഓഡിറ്റ് രീതി. കൂടാതെ, സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചിയിലും കോഴിക്കോടും ഉള്ള കെഡബ്ല്യുഎയുടെ ഗുണനിലവാര നിയന്ത്രണ വിഭാഗങ്ങൾ, ജില്ലാ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ, ജില്ലാ ജല-ശുചിത്വ മിഷനുകൾ (ഡിഡബ്ല്യുഎസ്എം) എന്നിവയിൽ നിന്നുള്ള രേഖകളും പരിശോധിക്കുകയുണ്ടായി. പദ്ധതിയുടെ കീഴിൽ നിർമ്മിച്ച ആസ്തികളുടെ സംയുക്ത ഭൗതിക പരിശോധനയും, ഗുണഭോക്തൃ ഇടപെടലുകളും, പരിശോധന നടത്തിയ **21** ജിപികളിലെ ഫോക്കസ് ഗ്രൂപ്പ് മീറ്റിംഗുകളും[3], **342** ഗുണഭോക്താക്കളുടെ[4] സർവ്വേകളുമാണ് ഓഡിറ്റ് രീതിശാസ്ത്രത്തിൽ ഉൾപ്പെട്ടിരുന്നത്. കണ്ടെത്തലുകൾ ഉറപ്പുവരുത്തുന്നതിനായി ജെജെഎമ്മിന്റെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ഐഎംഐഎസ്) നിന്ന് ലഭിച്ച ഡാറ്റയുടെ സമഗ്രമായ അവലോകനവും ഓഡിറ്റ് നടത്തി.

**2024** ജൂലൈ **23**-ന് സംസ്ഥാന സർക്കാർ ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സ്പെഷ്യൽ സെക്രട്ടറിമാർ, കെഡബ്ല്യുഎയുടെ ജോയിന്റ് മാനേജിംഗ് ഡയറക്ടർ എന്നിവരുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ചയിൽ ഓഡിറ്റ് വ്യാപ്തി, രീതിശാസ്ത്രം, സാംപ്ലിംഗ്, ഓഡിറ്റ് ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തു. **2025** മേയ് **23**-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായും[5] ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും

---

[1] ഇന്ററാക്ടീവ് ഡാറ്റ എക്സ്ട്രാക്ഷൻ ആന്റ് അനാലിസിസ്.

[2] കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (കെആർഡബ്ല്യുഎസ്എ), ഭൂഗർഭജല വകുപ്പ് (ജിഡബ്ല്യുഡി) എന്നിവ.

[3] ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, കെഡബ്ല്യുഎയുടെ പ്രതിനിധികൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ മുതലായവർ ഇതിൽ ഉൾപ്പെടുന്നു.

[4] പരിശോധിച്ച **15** ജിപികളിലായി എഫ്എച്ച്ടിസികൾ ലഭിച്ച **342** വീടുകളെ ഉൾപ്പെടുത്തി ഓഡിറ്റ് ഗുണഭോക്തൃ സർവ്വേ നടത്തി.

[5] വീഡിയോ കോൺഫറൻസിംഗ് വഴി.

സ്പെഷ്യൽ സെക്രട്ടറിമാരുമായും സമാപന കൂടിക്കാഴ്ച നടത്തി, ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്തു. സർക്കാർ മറുപടി ലഭിക്കുകയും, സർക്കാരിന്റെ പ്രതികരണം ഉചിതമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1.5 കൃതജ്ഞത

കേരള സർക്കാർ ജലവിഭവ, ഭൂഗർഭജല വകുപ്പുകൾ, കെഡബ്ല്യുഎ, കെആർഡബ്ല്യുഎസ്എ, പരിശോധന നടത്തിയ 21 ജിപികൾ എന്നിവിടങ്ങളിൽ നിന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ നടത്തിപ്പിനു വേണ്ടി നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.